# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 13, ബുധനാഴ്ച

**നമ്പർ 37**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത വരുന്നതും, നെൽവയൽ-തണ്ണീർത്തട മേഖലകളിലൂടെയും ജനവാസ കേന്ദ്രങ്ങളിലൂടെയും കടന്നുപോകുന്ന സിൽവർ ലൈൻ പദ്ധതി സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുത്തുന്നതും, പരിസ്ഥിതിക്ക് കടുത്ത നാശം വരുത്തുന്നതും മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീറും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് കൂലി, ബോണസ്, ചികിത്സ, ലേബർ ലൈനുകളുടെ നവീകരണം, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയവ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. പി. രാമകൃഷ്ണൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി. പരിധിയിൽ കൊണ്ട് വന്ന് അമിതവില നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | 'സേവന' വെബ്സൈറ്റിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. യു. ജനീഷ് കുമാർ | തൂപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി | ഗതാഗത വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. കെ. രാമചന്ദ്രൻ | അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. നന്ദകുമാർ | കുണ്ടുകടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീമതി കെ. കെ. രമ | തുരുത്തി പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. ആന്റണി ജോൺ | പ്ലാമുടി - ഊരംകുഴി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. അൻവർ സാദത്ത് | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. രാജ | ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII - ന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം :

സഭയിൽ ഹാജരാകാതിരിക്കുന്നതിന് ചട്ടം 170(1) അനുസരിച്ച് ശ്രീ. ഉമ്മൻ ചാണ്ടി, ഡോ. കെ. ടി. ജലീൽ എന്നീ അംഗങ്ങൾ സമർപ്പിച്ചിരുന്ന അപേക്ഷ ബഹു. സ്പീക്കർ വായിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി, ഡോ. കെ. ടി. ജലീൽ എന്നീ അംഗങ്ങൾക്ക് നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് സഭ അനുവാദം നൽകി.

<u>നിയമനിർമ്മാണകാര്യം</u> :

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

1. <u>2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

ശ്രീ. കെ. പി. എ. മജീദ് 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. യു. എ. ലത്തീഫ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)- യും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2. <u>2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി കെ. രാധാകൃഷ്ണൻ 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് നിരാകരണപ്രമേയത്തെ

പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. പ്രേംകുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ഡി. പ്രസേനനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2021 ഒക്ടോബർ 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.27-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, October 13, 2021*

**No. 37**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Dr. M. K. Muneer and five other Members regarding the serious situation reported to have arisen consequent on the causing of damage to environment and detrimental effect on natural habitat by the proposed Silver Line Project, which passes through human habitations, paddy fields and wet land areas along with its entailing financial burden to the State.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout)

*Calling Attention* :

1. Shri T. P. Ramakrishnan called the attention of the Minister for Agriculture to the necessity to ensure wages, bonus, treatment, upgradation of labour line, protection from wildlife attacks etc. to the Plantation Corporation workers. The Minister for Revenue and Housing on behalf of the Minister for Agriculture made a statement thereto.

KNPP. 1657/2021 (ii).

2. Shri Thiruvanchoor Radhakrishnan called the attention of the Minister for Finance to the necessity to bring petroleum products under GST and take subsequent steps to control excessive price hike. The Minister made a statement thereto.

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | 'സേവന' വെബ്സൈറ്റിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. യു. ജനീഷ് കുമാർ | തുപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി | ഗതാഗത വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. കെ. രാമചന്ദ്രൻ | അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. നന്ദകുമാർ | കുണ്ടുകടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീമതി കെ. കെ. രമ | തുരുത്തി പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. ആന്റണി ജോൺ | പ്ലാമുടി - ഊരംകുഴി റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. അൻവർ സാദത്ത് | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. രാജ | ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. വി. ഇബ്രാഹിം | കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Report:*

The Report of the Subject Committee-VIII on The Kerala Toddy Industry Development Board Bill, 2021 was presented.

*Leave of Absence from sittings of the House* :

The Speaker read out the requests from Shri. Oommen Chandy and DR. K. T. Jaleel for leave of absence from the sittings as per Rule 170 (1). The House granted leave of absence from the sittings of the House to Shri Oommen Chandy and DR. K. T. Jaleel.

*Legislative Business* :

Introduction and motion for reference to Subject Committee of the following Bills:

1. The Kerala Co-operative Societies (Second Amendment) Bill, 2021

Shri V. N. Vasavan, Minister for Co-operation and Registration introduced The Kerala Co-operative Societies (Second Amendment) Bill, 2021 and laid the statement under rule 75(1). Then the Minister moved that the Bill be referred to Subject Committee XI.

Shri K. P. A. Majeed moved the ordinance disapproval motion in respect of the Bill and spoke. Shri U. A. Lathif as authorised by Shri Eldose P. Kunnappillil seconded the motion and spoke. Shri Kadakampally Surendran as authorised by Shri A. N. Shamseer moved an amendment to circulate the Bill for eliciting public opinion and Shri K. Babu (*Thripoonithura*) moved another amendment for referring the Bill to a Select Committee and spoke.

After discussion and the reply by the Minister for Co-operation and Registration, the ordinance disapproval motion was declared lost. The amendments moved were withdrawn with the leave of the House. Then the Motion was adopted and the Bill was referred to the Subject Committee XI.

2. The Kerala Devaswom Recruitment Board (Amendment) Bill, 2021

Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms introduced The Kerala Devaswom Recruitment (Amendment) Bill, 2021 and laid the statement under rule 75(1). Then the Minister moved that the Bill be referred to Subject Committee II.

Shri A. P. Anil Kumar moved the ordinance disapproval motion in respect of the Bill and spoke. Shri N. A. Nellikkunnu seconded the motion and spoke. Shri K. D. Prasenan as authorised by Shri K. Premkumar moved an amendment to circulate the Bill for eliciting public opinion and Shri. Ramesh Chennithala as authorised by Shri Roji M. John moved another amendment for referring the Bill to a Select Committee and spoke.

After discussion and the reply by the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms, the ordinance disapproval motion was declared lost. The amendments moved were withdrawn with the leave of the House. Then the Motion was adopted and the Bill was referred to the Subject Committee II.

The House adjourned at 4.27 p.m. to meet again at 9.00 a.m. on Wednesday October 20, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*